## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3071 — 13.10.2011 - ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

### പീഡനക്കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. റ്റി. ബൽറാം | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) | പാലക്കാട് വടക്കഞ്ചേരി മുലഞ്ഞാട മഞ്ഞപ്ര പ്രദേശക്കാരിയായ സ്ത്രീയുടെ 14 വയസ്സുള്ള മകളെ, അവരുടെ കാമുകൻ സെൽവൻ ബലാൽസംഗം ചെയ്തത് സംബന്ധിച്ച പരാതിയിന്മേൽ കേസ് എടുക്കാത്ത ആലത്തൂർ ഡി.വൈ.എസ്.പി.യെ കുറിച്ചും ഡി.വൈ.എസ്.പി. ഓഫീസിലെ പോലീസുകാരെക്കുറിച്ചും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട് ; | (എ) | വ്യാജ പേരിൽ ലഭിച്ച പരാതികളിൽ ആലത്തൂർ ഡി. വൈ. എസ്. പി. യെയും ഡി. വൈ. എസ് .പി ഓഫീസിനെയും സംബന്ധിച്ചപരാമർശമുള്ളതിനാൽ ഇതു സംബന്ധിച്ച് അന്ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ആലത്തൂർ ഡി.വൈ.എസ്.പിക്കെതിരെയും ഓഫീസിനെയും പറ്റി പാലക്കാട് ജില്ലാ സപെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി അന്വേഷിച്ചുവരികയാണ്. |
| (ബി) | പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പ്രതിയുടെ കുറ്റകൃത്യത്തിലുള്ള പങ്കിനെക്കുറിച്ച് തെളിവു ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല. |
| (സി) | മൈനറായ പെൺകുട്ടിയെ അറസ്റ്റ് ചെയ്ത് മെഡിക്കൽ പരിശോധന നടത്തിയിട്ടുണ്ടോ ; ആരുടെ പ്രേരണയിലാണ് ഇങ്ങനെ ചെയ്തത്; | (സി) | മൈനറായ പെൺകുട്ടി, പരാതി പ്രകാരം ഈ കേസിലെ പീഡിതയായതിനാൽ അറസ്റ്റ് ചെയ്യേണ്ടതില്ല. കുട്ടി മൈനറായതുകൊണ്ടും പരാതിയിൽ പറയുന്ന പീഡനക്കാര്യത്തെ നിഷേധിക്കുന്നതുകൊണ്ടും ടിയാളുടെ മൊഴി 164 CrPC പ്രകാരം രേഖപ്പെടുത്തുന്നതിനും ടിയാളെ മെഡിക്കൽ പരിശോധന നടത്തുന്നതിനും വേണ്ടി അനുവാദത്തിനായി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ബഹുമാനപ്പെട്ട പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവ കേസ്സിന് ആവശ്യമായ നടപടി ക്രമങ്ങളാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രതി കുട്ടിയെ കടത്തിക്കൊണ്ടു പോയതായ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് നടപടി സ്വീകരിച്ചു ; | (ഡി) | ലഭിച്ചിട്ടില്ല. |
| (ഇ) | കുട്ടിയെ കടത്തികൊണ്ടുപോകുന്നതു കണ്ട അമ്മയെ പ്രതി മർദ്ദിച്ച സംഭവം അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; | (ഇ) | ഇത്തരം ഒരു പരാതി ലഭിച്ചിട്ടില്ലാത്തതി നാൽ അന്വേഷണം നടത്തിയിട്ടില്ല. |
| (എഫ്) | പരാതി കിട്ടിയിട്ടും കുട്ടിയെ മെഡിക്കൽ പരിശോധന നടത്താതിരുന്ന ഡി.വൈ. എസ്.പി.യുടേയും എസ്.പി.യുടെയും പേരിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ; | (എഫ്) & (ജി) | മറുപടി 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |
| (ജി) | കേസ് എടുത്ത് അന്വേഷിക്കാത്ത അക്കാലത്തെ ഡി.വൈ.എസ്.പി., എസ്.പി. എന്നിവരുടെ പേരിൽ ഉടൻ നടപടി എടുക്കുമോ ? | | |

സെക്ഷൻ ഓഫീസർ